പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1990** — **10.10.2011-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഹംസ : | ശ്രീ.അടൂർ പ്രകാശ് (ആരോഗ്യവും കുടുംബക്ഷേമവും വകുപ്പുമന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ആണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സംവിധാനങ്ങൾ ഫല പ്രദമായി പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (എ) സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും യാതൊരുവിധ നിയമങ്ങളും ഇപ്പോൾ നിലവിലില്ല. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, ലാബുകൾ തുടങ്ങിയവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ ഫീസ് ഏകീകരണം എന്നിവയെ ഉദ്ദേശിച്ചുകൊണ്ട് നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ, റഗുലേഷൻ, അക്രഡിറ്റേഷൻ) ബിൽ 2008 സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) സ്വകാര്യ ആശുപത്രികളെ ക്ലാസിഫൈ ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാക്കിയതിനുശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| (സി) നിലവിൽ എത്ര സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട് ; ആയുർവേദ, ഹോമിയോ, അലോപ്പതി തിരിച്ച് വ്യക്തമാക്കുമോ ; | (സി) നിലവിൽ കണക്കുകൾ ലഭ്യമല്ല. |
| (ഡി) സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ മിനിമം വിദ്യാഭ്യാസ യോഗ്യത ഉറപ്പ് വരുത്തുന്നതിനായി നിലവിൽ എന്ത് സംവിധാനമാണുള്ളത് ; | (ഡി) സംവിധാനങ്ങൾ ഒന്നും നിലവിലില്ല. |

| | |
|---|---|
| (ഇ) പ്രസ്തുത സംവിധാനം കാര്യക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് കാര്യക്ഷമമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ഇ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ നടപ്പിലാകുന്ന മുറയ്ക്ക് സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ പൂർണ്ണ നിരീക്ഷണത്തിലായിരിക്കും. |
| (എഫ്) മിക്ക സ്വകാര്യ ആശുപത്രികളിലും മിനിമം യോഗ്യത പോലുമില്ലാത്തവർ ജോലി ചെയ്യുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അത്തരക്കാരെ നിയമിച്ച ആശുപത്രി അധികൃതരെ ശിക്ഷിക്കാൻ എന്താണ് സംവിധാനം ; അപ്രകാരം ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ